കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുന്നന്താനം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: എൽ.എഫ്.പി.റ്റി.എ.പി7-992/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 22/08/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നന്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: എൽ.എഫ്.പി.റ്റി.എ.പി7-992/25 തീയ്യതി: 22/08/2025

പത്തനംതിട്ട ജില്ലയിലെ കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അനിൽകുമാർ റ്റി.	ഡെപ്യൂട്ടി ഡയറക്ടർ	25-07-2025	01-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-07-2025	01-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ചന്ദ്രശേഖരൻ. ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി നിഷ. റ്റി. വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീദേവി സതീഷ് ബാബു	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. മുജീബ് റഹ്മാൻ കെ.എം.	സെക്രട്ടറി	01-04-2024	15-01-2025
ശ്രീ. ബിനു പി. എൽ	സെക്രട്ടറി-ഇൻ-ചാർജ്ജ്	16-01-2025	27-01-2025
ശ്രീമതി അനില കുമാരി. ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	28-01-2025	17-03-2025
ശ്രീമതി ബിനു എസ്. ഐ	സെക്രട്ടറി	17-03-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അനില കുമാരി. ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി സൗമ്യ എൻ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ഡോ. അഞ്ജന എൻ.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
ശ്രീ. അരുൺകുമാർ എൻ.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി താര ഒ. എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	01-08-2024
ശ്രീമതി റോസമ്മ സി. സി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-08-2024	20-08-2024
ശ്രീമതി സിന്ധു എൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	21-08-2024	31-03-2025
ഡോ. പ്രീതി മേരി എബ്രഹാം	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി വിന്നി മാത്യു	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ. മാത്യു വർഗ്ഗീസ് മാരെറ്റ്	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	01-04-2024	31-03-2025
ശ്രീമതി മേരിക്കുട്ടി മത്തായി	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ശ്രീമതി റോഷ്ന കരീം	ഫിഷറീസ് ഓഫീസർ	01-04-2024	31-03-2025
ശ്രീ. ഹാരിസ് എം. ഐ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,	01-04-2024	18-11-2024
ശ്രീമതി രേണുക പരമേശ്വരൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	19-11-2024	31-03-2025
ശ്രീ. രാജേഷ് ഇ. എം.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം - നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല	1-1-3
5	ലോണിനത്തിലെ നീക്കിയിരിപ്പ് - കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല	1-1-4
6	അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-5
7	പാർട്ട് ബിൽ ഇനത്തിലെ തുക യഥാർത്ഥ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-6
8	അക്കൗണ്ട് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-1-7
9	ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല	1-1-8
10	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക നില	1-3
13	ഗ്രാന്റ് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമപദ്ധതികൾ	1-7
17	ക്യാഷ് ബാലൻസ് പരിശോധന	1-8
18	ആഭ്യന്തര നിയന്ത്രണം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	ആസ്തികളുടെ വിനിയോഗം - ബൈലോ തയ്യാറാക്കിയിട്ടില്ല	1-11
21	മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു	1-12
22	വസ്തു നികുതി പുനർ നിർണ്ണയം - നടപടികൾ പൂർത്തിയായിട്ടില്ല	1-13
23	വസ്തു നികുതിയിനത്തിൽ വൻതുക ഈടാക്കാനവശേഷിക്കുന്നു	1-14
24	തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുത്തില്ല	1-15
25	വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു	1-16
26	അങ്കണവാടികൾ ഹൈടെക് ആക്കൽ - പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർനടപടികൾ അനിവാര്യം	1-17
27	അങ്കണവാടികൾക്കു ഫർണിച്ചർ വാങ്ങൽ - വിതരണക്കാരൻ കരാർ ലംഘനം നടത്തി	1-18
28	ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല	1-19
29	മാലിന്യമുക്ത നവകേരളം വിവിധ വാർഡുകളിൽ ക്യാമറ സ്ഥാപിക്കൽ പദ്ധതി	1-20
30	നിക്ഷേപപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല	1-21
31	കാലിബാരൽ വില, ജി.എസ്.റ്റി. എന്നിവ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു	1-22
32	ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല	1-23
33	പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല	1-24
34	ഭവനപുനരുദ്ധാരണപദ്ധതികൾ പൂർത്തീകരിച്ചില്ല	1-25
35	മാലിന്യസംസ്കരണപദ്ധതികൾ നടപ്പാക്കിയില്ല	1-26
36	പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധനാറിപ്പോർട്ട് ലഭ്യമായിട്ടില്ല	1-27

37	ജൽ ജീവൻ മിഷൻ പദ്ധതി - അവലോകനം	1-28
38	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-29
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് - വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിനിയോഗം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ/വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-9
10	ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04/06/2025-ലെ 4(1) കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 05/06/2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
22.08.2025

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം - നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി – 4: ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം നീക്കിയിരിപ്പ് തുകയും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ തുകയുമായി 12,286 രൂപയുടെ വ്യത്യാസം ഉണ്ട്.

1-1-4 ലോണിനത്തിലെ നീക്കിയിരിപ്പ് - കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ ബി – 5: ലോണിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (-885904) നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-5 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഷെഡ്യൂൾ ബി – 9 അഡ്വാൻസ് കളക്ഷൻ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലുള്ള തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-6 പാർട്ട് ബിൽ ഇനത്തിലെ തുക യഥാർത്ഥ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ ബി – 11 (ബി): തൻവർഷത്തെ പാർട്ട് ബിൽ ഇനത്തിലുള്ള 13,30,675 രൂപ Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 അക്കൗണ്ട് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ഷെഡ്യൂൾ ബി – 17: ഇന്ത്യൻ ഓവർസീസ് ബാങ്കിലെ അക്കൗണ്ടിന്റെ (നം. 57902000000015) പാസ്ബുക്ക്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-8 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

ഷെഡ്യൂൾ 1-18, 1-19 Prior Period Expenditure, Prior Period Income എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ ആധികാരികത വ്യക്തമാക്കുന്ന അംഗീകൃത വൗച്ചറുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ല.

1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരം ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-2 ബജറ്റ്

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09/02/2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരവും, ജനറൽ കമ്മിറ്റിയുടെ 13/02/2024 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. 66,45,742 രൂപ മുന്നിരിപ്പും 21,38,48,844 രൂപ പ്രതീക്ഷിത വരവും 20,86,99,594 രൂപ പ്രതീക്ഷിത ചെലവും 51,49,250 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 27/02/2025 തീയതിയിലെ 3(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക നില

ഇനം	റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം
മുന്നിരിപ്പ്	27666333	
ഓഡിറ്റ് വർഷത്തെ വരവ്	52231482	137600449
ആകെ വരവ്	79897815	
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	46128202	123417648
നീക്കിയിരിപ്പ്	33769613	

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ	ഇല്ല	18033000	18033000	17892948	-
വികസന ഫണ്ട്-എസ്.സി.പി.	,,	6926000	6926000	6612336	-
വികസന ഫണ്ട്-ടി.എസ്.പി.	,,	0	0	0	-
*ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	5945163	7360382	13305545	1619105	11686440
**ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	671709	3656656	4707005	2690946	2016059
	പലിശ	378640			
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	ഇല്ല	10145000	10145000	9589999	
മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ്	,,	8484000	8484000	7562033	
സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്					
ലൈഫ് – സംസ്ഥാനം വിഹിതം	763103	719815	1482918	982990	499928
ശുചിത്വ മിഷൻ	45466	0	45466	0	45466
ഐ.സി.ഡി.എസ്.	1889596	1400651	3290247	794767	2495480
ഹെൽത്ത് ഗ്രാന്റ് (Infrastructure To PHC)	737148	362780	1099928	611391	488537
ഹെൽത്ത് ഗ്രാന്റ് (Health & Wellness Centre)	324803	560869	885672	314767	570905
ജലനിധി	654825	16706	671531	100000	571531
നബാർഡ്	68000	0	68000	0	68000
ആയുഷ് ഗ്രാന്റ്	500000	0	500000	450000	50000
സമ്പൂർണ്ണ ശുചിത്വം	12000	0	12000	0	12000

* ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ (ടൈഡ്) നീക്കിയിരിപ്പും ഷെഡ്യൂൾ – ബി 4-ലെ തുകയുമായി 3,22,187 രൂപയുടെ വ്യത്യാസം ഉണ്ട്. ട്രഷറിയിലെ നീക്കിയിരിപ്പായ തുകയാണിത്.

** ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ (അൺ ടൈഡ്) വരവിനത്തിൽ തൻവർഷം ലഭിച്ച ഗ്രാന്റിനൊപ്പം മുൻവർഷത്തെ തുകയായ 2,92,292 രൂപയും ഉൾപ്പെടുന്നു. ചെലവിനത്തിൽ മുൻവർഷത്തെ പദ്ധതി ചെലവിൽ ഉൾപ്പെട്ട 1,89,094 രൂപയും ഉൾപ്പെടുന്നു. നീക്കിയിരിപ്പുതുകയും ഷെഡ്യൂൾ – ബി 4-ലെ തുകയുമായി 12,212 രൂപയുടെ വ്യത്യാസം ഉണ്ട്. ഈ വർഷത്തെ ചെലവിൽ ഇരട്ടിപ്പ് വന്ന 12,278 രൂപയും ബാങ്ക് ചാർജ് ഇനത്തിൽ ഈടാക്കിയ 8 രൂപയും ഉൾപ്പെടെ ചെലവിനത്തിൽ 12,286 രൂപയും ട്രഷറിയിലെ നീക്കിയിരിപ്പായ 74 രൂപയും ചേരുന്നതാണ് ഈ തുക ((12278+8)–74 = 12212).

2024-25 സാമ്പത്തിക വർഷം ജനറൽ പർപ്പസ് ഗ്രാന്റായി 1,43,13,617 രൂപ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ ഫണ്ടിനങ്ങളുടെ സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	വരവ് തുക
വികസന ഫണ്ട് - ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	516769
വികസന ഫണ്ട് - ജനറൽ	അങ്കണവാടി അധിക വേതനം	919800

വികസന ഫണ്ട് – എസ്.സി.പി.	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	20832

സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. (ഉദാ. വികസന ഫണ്ട് - ജനറൽ)

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
236	95102524	191	53962543	45	82

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്	അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ തുക	ചെലവഴിച്ച തുക	നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവ് ശതമാനം
1	അസിസ്റ്റന്റ് എഞ്ചിനീയർ	90	66	29355780	19451516	66
2	അസിസ്റ്റന്റ് സെക്രട്ടറി	10	8	3384650	2598615	77
3	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	23	21	9106582	6760710	74
4	കൃഷി ഓഫീസർ	9	9	3422746	2026426	59
5	ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	1550000	961924	62
6	മെഡിക്കൽ ഓഫീസർ - ആയുർവേദം	4	4	850000	850000	100
7	മെഡിക്കൽ ഓഫീസർ - പി.എച്ച്. സി.	18	16	6297410	4768513	76
8	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	24	20	31302587	10367750	33
9	വെറ്ററിനറി സർജൻ	15	14	1686079	1234019	73
10	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	2	2	200000	80000	40
11	സെക്രട്ടറി	32	22	6719543	3754324	56
12	ഹെഡ് മാസ്റ്റർ	7	7	1227147	1108746	90
	ആകെ	236	191	95102524	53962543	57

1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവുകൾ	0	1649495.5	1649495.5	1649402.5	93
ഗുണഭോക്താക്കൾക്ക് നൽകുന്നത്	-	14888311	14888311	14888311	-
ആകെ	0	16537806.5	16537806.5	16537713.5	93

വരവ് കണക്കുകളിൽ ബാങ്ക് ചാർജ് ഈടാക്കിയത് തിരികെ ലഭിച്ച 58.50 രൂപയും, ചെലവ് കണക്കുകളിൽ

മിഷനിലേക്ക് റീഫണ്ട് ചെയ്ത 6,105 രൂപയും, ബാങ്ക് ചാർജസ്സ് 117.50 രൂപയും ഉൾപ്പെടുന്നു.

1-7 ക്ഷേമപദ്ധതികൾ

2024-25 വർഷം ഗ്രാമപ്പഞ്ചായത്ത് വിവിധ ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	2560400	151
വിധവാ പെൻഷൻ	10105300	657
വാർദ്ധക്യകാല പെൻഷൻ	28186000	1870
ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	2919200	183
അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	276600	18

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/07/2025 തീയതിയിൽ 12 P.M.-ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,664 (ആറായിരത്തി അറുനൂറ്റി അറുപത്തി നാല് രൂപാ മാത്രം) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ജോലി വിഭജനം കൃത്യമായി തയ്യാറാക്കുന്നതിലും ഓഫീസ് ഉത്തരവുകൾ നടപ്പിലാക്കുന്നതിലും മികവു പുലർത്തിയിട്ടുണ്ട്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കാൻ സാധിച്ചിട്ടുണ്ട്. വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.
പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായി ഇടപെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിട്സ് അപൂർണ്ണമാണ്. ഭരണ സമിതി യോഗങ്ങളുടെ മിനിട്സ് അംഗീകരിച്ച് അന്തിമമാക്കുന്നതിൽ ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള സമയ പരിധി പാലിച്ചിട്ടില്ല.
പകൽവീട് പോലെയുള്ള ആസ്തികൾ നിഷ്ക്രിയമായി തുടരുന്നത് ഗൗരവമായി വീക്ഷിക്കേണ്ടതാണ്. ആസ്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ ഭാഗികമായി വിജയിച്ചിട്ടുണ്ട്. ആയുർവേദാശുപത്രിയുടെ കെട്ടിടം മികച്ച നിലവാരം പുലർത്തുന്നു.
ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്ത് ഓരോ പരാമർശങ്ങളിലും തുടർ നടപടികൾ സ്വീകരിക്കുന്നതിൽ ഭരണ സമിതി സജീവമായ ഇടപെടൽ നടത്തിയിട്ടുള്ളത് പ്രശംസനീയമാണ്.
നിലവിലുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു മതിയായ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. സ്ഥല പരിമിതി മൂലം വാഹന പാർക്കിംഗ് ഉൾപ്പടെയുള്ള അടിസ്ഥാന വിഷയങ്ങളിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു. പുതിയ ഓഫീസ് ബിൽഡിംഗിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിലുള്ള കെട്ടിടത്തിൽ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളും ഭാവിയിൽ ഉയർന്നു വരാൻ സാധ്യതയുള്ള പ്രശ്നങ്ങളും മുൻകൂട്ടി കണ്ട് പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ കൃത്യമായ ആസൂത്രണം ഉറപ്പാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19/05/2018 മുതൽ 21/05/2018 വരെ	2013-14 മുതൽ 2017-18 വരെ	28/06/2018

1-11 ആസ്തികളുടെ വിനിയോഗം - ബൈലോ തയ്യാറാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷം 18 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256-ാം വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങളിലെ ചട്ടം 3 (5,6,7) എന്നിവ പ്രകാരം, ഗ്രാമപഞ്ചായത്ത് വക ആസ്തികൾ വാടകയ്ക്ക്

നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. ആസ്തികളുടെ വിനിയോഗം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കേണ്ടതും, ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തുവക ആസ്തികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്.

ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-12 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ 7 ടവറുകൾ 2024 രണ്ടാം അർദ്ധവർഷം വരെയുള്ള നികുതി ഒടുക്കിയിട്ടുണ്ട്. നികുതി അടവാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

ഉടമസ്ഥന്റെ പേര്	വാർഡ് നം./ കെട്ടിട നം.	തറ വിസ്തീർണ്ണം (ച.മീ.)	ഈടാക്കാനുള്ള വസ്തുനികുതിയുടെ വിവരം (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം)		
ഇൻഡസ് ടവർ ലിമിറ്റഡ്	2/401/ B(MT)	19	**വർഷം**	**കാലയളവ്**	**തുക**
			2023	രണ്ടാം അർദ്ധവർഷം	75
			2024	ഒന്നാം അർദ്ധവർഷം	4714
			2024	രണ്ടാം അർദ്ധവർഷം	4713
				ആകെ	**9502**
റിലയൻസ് ടെലികോം ഇൻഫ്രാ സ്ട്രക്ച്ചർ പ്രൈ.ലിമി.	9/522	37	**വർഷം**	**കാലയളവ്**	**തുക**
			2021	രണ്ടാം അർദ്ധവർഷം	11100
			2022	ഒന്നാം അർദ്ധവർഷം	2295
			2022	രണ്ടാം അർദ്ധവർഷം	11100
			2023	ഒന്നാം അർദ്ധവർഷം	11655
			2023	രണ്ടാം അർദ്ധവർഷം	11655
			2024	ഒന്നാം അർദ്ധവർഷം	12238
			2024	രണ്ടാം അർദ്ധവർഷം	12238
				ആകെ	**72281**

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 18/29.07.2025) നൽകിയിരുന്നു. റിലയൻസ് ടെലികോം ഇൻഫ്രാ സ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെതിരെ 2023 രണ്ടാം അർദ്ധവർഷം വരെയുള്ള വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. 2024-25 വർഷത്തെ നികുതി സംബന്ധിച്ച് രണ്ട് സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഇൻഡസ് ടവർ ലിമിറ്റഡ് എന്ന സ്ഥാപനം ഈ വർഷം തുക അടവാക്കാമെന്ന് അറിയിച്ചിരുന്നുവെങ്കിലും അടവാക്കിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2024-25 വർഷത്തെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് റവന്യൂ റിക്കവറി ഉൾപ്പടെയുള്ള തുടർനടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 വസ്തു നികുതി പുനർ നിർണ്ണയം - നടപടികൾ പൂർത്തിയായിട്ടില്ല

വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്ന സംഗതിയിൽ നികുതി നിർണ്ണയ അധികാരി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17-ൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ, സ.ഉ.(കൈ)77/2023/ത.സ്വ.ഭ.വ. തീയതി 22/03/2023 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കേണ്ടതുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ, ഐ.ടി.ഐ. യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതും ഒരു കെട്ടിട നമ്പരിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതുമാണ്. 06/06/2024 തീയതിയിലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.12 തീരുമാന പ്രകാരം വസ്തു നികുതി പരിഷ്കരണത്തിന് ഫീൽഡ് തല പരിശോധനയ്ക്കായി വേതനം പുതുക്കി നല്കുന്നതിന് തീരുമാനമായിട്ടുള്ളതാണ്. മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള പരിശോധന നടത്തി വിവരം ശേഖരിച്ചതിന്റെയും നികുതി പുനർ നിർണ്ണയം നടത്തിയതിന്റെയും നിലവിലെ സ്ഥിതി അറിയ്ക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.19/29.07.2025) നൽകിയിരുന്നു. ആയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

വസ്തുനികുതി പുനർനിർണ്ണയത്തിനായി വാർഡുതല പരിശോധനയ്ക്കായി അപേക്ഷ ക്ഷണിച്ചതിൽ ഒരാൾ മാത്രമാണ് പരിശോധനയ്ക്ക് തയ്യാറായി വന്നതെന്നും ടിയാൾ ജോലി ആരംഭിച്ചെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ തയ്യാറാക്കി നൽകാമെന്ന് ഇതുമായി ബന്ധപ്പെട്ട യോഗങ്ങളിൽ അറിയിച്ചിരുന്നെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പൂർണ്ണമായ പരിശോധന നടത്തുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സർവേയ്ക്ക് അനുവദിച്ച തുക അപര്യാപ്തമാണെന്ന് കണ്ട് പുതുക്കി നൽകാമെന്ന് സർക്കാരിൽനിന്ന് അറിയിച്ചിട്ടുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട മീറ്റിംഗുകളിൽ അറിയിച്ചിരുന്നതായും മേൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സർവ്വേ നടപടികൾ നടത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരുടെ പരിശോധനയിൽ ബോധ്യമാകുന്ന വ്യത്യാസങ്ങൾ പരിഹരിക്കുന്നതിന് കെട്ടിട ഉടമകൾക്ക് നിർദ്ദേശം നൽകാറുണ്ടെന്നും ആയതനുസരിച്ച് ക്രമവത്കരണനടപടികൾ നടത്തിവരുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണ നടപടികൾ സമയബന്ധിതമമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 വസ്തു നികുതിയിനത്തിൽ വൻതുക ഈടാക്കാനവശേഷിക്കുന്നു

2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ വസ്തു നികുതിയിനത്തിൽ ആകെ 47,50,869 രൂപ കുടിശ്ശിക ഉണ്ട്. തുകയുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ഇനം	തുക
Receivables For Property Tax On Residential Buildings (Current)	83265
Receivables For Property Tax On Residential Buildings (Arrears)	69121
Receivables For Property Tax On Non- Residential Buildings (Current)	836710
Receivables For Property Tax On Non- Residential Buildings (Arrears)	3761773
ആകെ	4750869

കുടിശ്ശികയുള്ള കെട്ടിടങ്ങളുടെ വിവരം, തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ അറിയ്ക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.20/29.07.2025) നൽകിയിരുന്നു. ആയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ 81,783 രൂപ (ഇൻഡസ് ടവർ ലിമിറ്റഡ് – ₹9502, റിലയൻസ് ടെലികോം ഇൻഫ്രാ സ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് - ₹72281) ഈടാക്കാനവശേഷിക്കുന്നുണ്ട്.

13, 14 വാർഡുകളിലായി കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് പ്ലോട്ട്

എന്നിവയിലെ വാണിജ്യ സ്ഥാപനങ്ങളുടെ വസ്തുനികുതിയിനത്തിൽ യഥാക്രമം 31,51,270 രൂപയും 8,74,985 രൂപയും ഉൾപ്പെടെ ആകെ 40,26,255 രൂപ കുടിശ്ശികയുണ്ട്. ഈ സ്ഥാപനങ്ങളുടെ വസ്തുനികുതി അടവാക്കുന്നത് സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാലും 05/08/2024-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ത.സ്വ.ഭ.വ.ആർ.സി. 2/165/2022 നമ്പർ കത്ത് പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ ഒന്നിലെ രണ്ടാം വ്യവസ്ഥയുടെ ഭേദഗതി നടപ്പിൽ വരുന്നതുവരെ വ്യവസായ ഏരിയ, എസ്റ്റേറ്റ്, പ്ലോട്ട് എന്നിവിടങ്ങളിൽ നിന്നും നികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ നിർത്തിവയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിനാലും തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. ആയത് സംബന്ധിച്ച് തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ഈ വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

വസ്തുനികുതി അടവാക്കാൻ അവശേഷിക്കുന്ന മറ്റ് കെട്ടിടങ്ങൾക്കെല്ലാം ഇതുസംബന്ധിച്ച് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ റവന്യു വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യു ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക്, വികസനഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമതു റിപ്പോർട്ടിലെ 8-ാം നമ്പർ ശിപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശിപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18/10/2022-ലെ സ.ഉ(കൈ)179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. റവന്യൂ പിരിവിൽ വീഴ്ച വരുത്തുന്നത് ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതിന് ഇടയാക്കുമെന്നതിനാൽ ഈ സാഹചര്യം ഒഴിവാക്കുന്നതിനും റവന്യൂപിരിവ് കാര്യക്ഷമമാക്കുന്നതിനും അധികൃതരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-15 തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുത്തില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

തൊഴിൽ നികുതി അസസ്സ് ചെയ്യുന്നതിനും, ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I <u>ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല</u>

ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-25 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
1	സെന്റ് മേരീസ് ഗവ. ഹൈസ്കൂൾ, കുന്നന്താനം	I
2	വള്ളമല KUCS	I&II
3	മാന്താനം KUCS	I&II
4	മുണ്ടിയപ്പള്ളി KUCS)	I&II
5	റ്റോഡി ഷോപ്പ് 1, മാന്താനം	I&II
6	റ്റോഡി ഷോപ്പ് II, വള്ളമല	I&II
7	തോമസ് റബ്ബേഴ്സ് ID PLOT, കുന്നന്താനം	I&II

8	റേഷൻ കടകൾ (4എണ്ണം)	I&II

II താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
1	റ്റോഡി ഷോപ്പ് 1, മാന്താനം	I&II
2	റ്റോഡി ഷോപ്പ് II , വള്ളമല	I&II
3	തോമസ് റബേഴ്സ് ID PLOT, കുന്നന്താനം	I&II

III മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

ക്രമ നം.	കരാറുകാരന്റെ പേര്
1	മോൺസൺ ഐസക്
2	കബീർ പി.എം.
3	സുനിൽ എം.ജി.
4	സുകുമാരൻ ടി.ജി.
5	രാജാറാം കെ.കെ.
6	വർഗ്ഗീസ് ജോർജ്ജ്
7	ജോൺ തോമസ്
8	അജയ് റ്റി.റ്റി.
9	ബിജോയ് കുര്യൻ
10	ബിജു ജോസഫ്
11	സുദീപ് കെ. എസ്

മേൽ സൂചിപ്പിച്ചിട്ടുള്ളവരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ വർഷങ്ങളിലായി കേന്ദ്ര സംസ്ഥാന സർക്കാരുകളും വിവിധ സർക്കാർ ഏജൻസികളും ഗ്രാന്റായി നൽകിയിട്ടുള്ള തുകകൾ ചെലവഴിക്കാതെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരുപ്പായി തുടരുന്നു. തുകയുടെ വിശദാംശങ്ങളും ഇത്തരത്തിൽ തുക അവശേഷിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/30.07.2025) സെക്രട്ടറി ലഭ്യമാക്കിയ വിശദീകരണവും ചുവടെ ചേർക്കുന്നു.

ഇനം	31/03/2025-ലെ നീക്കിയിരിപ്പ്	വിശദീകരണം
ദേശീയ ആരോഗ്യ ദൗത്യം	50,000	ഈ തുകയ്ക്കുള്ള സ്പിൽ ഓവർ പദ്ധതി 2025-26 ൽ നടപ്പാക്കുന്നുണ്ട്.
ലൈഫ് സംസ്ഥാന വിഹിതം	4,99,928	ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫണ്ട് ചെലവഴിക്കുന്നതാണ്.
സമ്പൂർണ്ണ ശുചിത്വം	12,000	തുക 2025-26 ൽ ശുചിത്വ മിഷൻ വിഹിതമായി ചെലവഴിക്കുന്നതാണ്.
ICDS കേന്ദ്ര വിഹിതം	24,95,480	തുക 2025-26 ൽ ചെലവഴിക്കുന്നതാണ്.
ശുചിത്വമിഷൻ ഫണ്ട്	45,466	നടപ്പുവർഷം ശുചിത്വപദ്ധതികളുടെ ഭാഗമായി പഞ്ചായത്തിലേക്ക് ഇൻസിനറേറ്റർ വാങ്ങൽ പദ്ധതിയിലൂടെ തുക ചെലവഴിക്കുന്നതാണ്.
ഹെൽത്ത് ഗ്രാന്റ് - അടിസ്ഥാന സൗകര്യവികസനം	4,88,537	പദ്ധതികളുടെ നിർവ്വഹണം നടന്നുവരുന്നതിനാൽ 2025-26 ൽ തുക പൂർണ്ണമായും ചെലവഴിക്കുന്നതാണ്.
ഹെൽത്ത് ഗ്രാന്റ് - ഹെൽത്ത് & വെൽനസ്സ് സെന്റർ	5,70,905	പദ്ധതികളുടെ നിർവ്വഹണം നടന്നുവരുന്നതിനാൽ 2025-26 ൽ തുക പൂർണ്ണമായും ചെലവഴിക്കുന്നതാണ്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബേസിക്ക്	20,28,271	പദ്ധതികളുടെ നിർവ്വഹണം തുടർന്നുവരുന്നതിനാൽ ആയവ പൂർത്തിയാകുന്ന മുറയ്ക്ക് തുക പൂർണ്ണമായും ചെലവഴിക്കുന്നതാണ്.
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്	1,13,64,253	പദ്ധതികളുടെ നിർവ്വഹണം തുടർന്നുവരുന്നതിനാൽ ആയവ പൂർത്തിയാകുന്ന മുറയ്ക്ക് തുക പൂർണ്ണമായും ചെലവഴിക്കുന്നതാണ്.
ജലനിധി	5,71,531	ജലനിധിയ്ക്കായുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകയാണിത്. പദ്ധതിയുമായി ബന്ധപ്പെട്ട് മെയിന്റനൻസ് ഉൾപ്പടെയുള്ള തുടർ പ്രവർത്തനങ്ങൾക്ക് മുൻവർഷം തുക ചെലവഴിച്ചിട്ടുള്ളതും നടപ്പുവർഷം ചെലവഴിക്കുന്നതിനായി അപേക്ഷകൾ ലഭ്യമായിട്ടുള്ളതുമാണ്.
നബാർഡ്	68,000	2019-20 വർഷം അങ്കണവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചശേഷം അവശേഷിച്ച തുകയാണിത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിച്ച് അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉപയോഗിക്കുവാൻ കഴിയുമെങ്കിൽ നടപ്പുവർഷം തുക ചെലവഴിക്കുന്നതാണ്.
ആകെ	**1,81,94,371**	

ശുചിത്വം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പോഷകാഹാര വിതരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി, പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകൾ യഥാസമയം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നും പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നുണ്ടെന്നും, ഭരണ സമിതിയും നിർവ്വഹണോദ്യോഗസ്ഥരും ഉറപ്പാക്കേണ്ടതാണ്.

1-17 അങ്കണവാടികൾ ഹൈടെക് ആക്കൽ - പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർനടപടികൾ അനിവാര്യം

അങ്കണവാടികൾ ഹൈടെക് ആക്കുന്നതിനായി മൂന്നു പദ്ധതികൾ 2024-25 ൽ നടപ്പിലാക്കിയിരുന്നു. അങ്കണവാടി നം. 35, 36, 37, 46, 51, 52 എന്നിവയാണ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ/ പേര്	അടങ്കൽ	ഫണ്ട് ഇനം	ചെലവ്
128/25 അങ്കണവാടി 35, 37 ഹൈടെക് ആക്കൽ	52500	475000 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് 50000 തനതു ഫണ്ട്	422892 ട്രഷറി ബിൽ ബുക്ക് ക്രമ നം. 12/14.05.24
39/25 അങ്കണവാടി 52, 36 ഹൈടെക് ആക്കൽ	475000	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	475000 ട്രഷറി ബിൽ ബുക്ക് ക്രമ നം. 66/25.03.25
246/25അങ്കണവാടി 46, 51 ഹൈടെക് ആക്കൽ	490000	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	489500 ട്രഷറി ബിൽ ബുക്ക് ക്രമ നം. 67/25.03.25

പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 29/07/2025-ൽ അങ്കണവാടി നം. 51,.52 എന്നിവ ICDS സൂപ്പർവൈസറിന്റെ സാന്നിദ്ധ്യത്തിൽ സന്ദർശിച്ചു ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) <u>അങ്കണവാടി നം. 51</u>

പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ചിട്ടുള്ള എയർ കണ്ടീഷനർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. മുറിയിലെ വെന്റിലേഷനുകൾ സീൽ ചെയ്തിട്ടില്ല. എയർ കണ്ടീഷനർ സ്ഥാപിച്ചിട്ടുള്ള മുറിയും അടുക്കളയുമായി ബന്ധിപ്പിക്കുന്ന ഇടനാഴിയ്ക്കു വാതിൽ

സ്ഥാപിച്ചിട്ടില്ല.

പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി നൽകിയ ലാപ് ടോപ്പ് നാളിതു വരെയും ഉപയോഗിച്ചിട്ടില്ല. നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പ്രൊജക്ടർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതു ഉപയോഗപ്പെടുത്തിയിട്ടില്ല. അങ്കണവാടി ടീച്ചറിനു പ്രൊജക്ടർ, ലാപ് ടോപ്പ് എന്നിവ ഉപയോഗിക്കുന്നതിന് പരിശീലനം നൽകിയിട്ടില്ല.

B) <u>അങ്കണവാടി നം. 52</u>

എയർ കണ്ടീഷനർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. എയർ കണ്ടീഷനർ സ്ഥാപിച്ചിട്ടുള്ള മുറിയും അടുക്കളയുമായി ബന്ധിപ്പിക്കുന്ന ഇടനാഴിയ്ക്കു വാതിൽ സ്ഥാപിച്ചിട്ടില്ല.

വിതരണം ചെയ്ത ലാപ് ടോപ്പ് നാളിതു വരെയും ഉപയോഗിച്ചിട്ടില്ല. നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പ്രൊജക്ടർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതു ഉപയോഗപ്പെടുത്തിയിട്ടില്ല. അങ്കണവാടി ടീച്ചറിനു ഇതു ഉപയോഗിക്കുന്നതിന് പരിശീലനം നൽകിയിട്ടില്ല.

ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കേബിൾ കണക്ഷൻ ലഭ്യമാക്കിയിട്ടില്ല.

അങ്കണവാടികൾ ഹൈടെക് ആക്കുന്നതിനായുള്ള വാങ്ങൽ പ്രക്രിയ പൂർത്തിയാക്കിയെങ്കിലും ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ദീർഘകാലം ഉപയോഗിക്കാതിരിക്കുന്നത് ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമതയെയും വിപരീതമായി ബാധിക്കുന്നതാണ്. പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത 6 അങ്കണവാടികളിൽ രണ്ടെണ്ണം മാത്രമാണ് പരിശോധനാ വിധേയമാക്കിയിട്ടുള്ളത്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.21/30.07.25) നൽകിയിരുന്നു. എയർ കണ്ടീഷനർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള തുടർ നടപടികൾ 2025-26 ൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണെന്നും, Wifi Connection ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും, അങ്കണവാടി ടീച്ചർമാർക്കു പരിശീലനം നൽകുന്നതിനുള്ള നടപടി തുടങ്ങിയതായും ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകി.

അങ്കണവാടികൾ ഹൈടെക് ആക്കുന്നതിനായുള്ള മൂന്നു പദ്ധതികളിലായി 13.87 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം പദ്ധതി ഫലപ്രാപ്തിയിൽ എത്തിയില്ല. അടിസ്ഥാന സൗകര്യങ്ങൾക്കായി പദ്ധതി ആവിഷ്ക്കരിക്കേണ്ടതും, പരിശീലനം ഉൾപ്പെടെ നല്കി അങ്കണവാടികളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനു അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>1-18 അങ്കണവാടികൾക്കു ഫർണിച്ചർ വാങ്ങൽ - വിതരണക്കാരൻ കരാർ ലംഘനം നടത്തി</u>

പ്രോജക്ട് നമ്പർ: 248/25

അടങ്കൽ: 4,50,000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ്: 4,49,500 (ട്രഷറി ബിൽ ബുക്ക് ക്രമ നം. 70/25.03.25)

21 അങ്കണവാടികൾക്ക് ഓഫിസ് ടേബിൾ, ഓഫീസ് ചെയർ, മീറ്റിംഗ് ചെയർ, അലമാര, കബോർഡ് എന്നിവ വാങ്ങുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. GeM മുഖേനയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. മുംബൈ ട്രേഡേഴ്സ്, ഹാപ്പിനസ് ഗ്രൂപ്പ് എന്നീ രണ്ടു സ്ഥാപനങ്ങളാണ് സാധനങ്ങൾ വിതരണം നടത്തിയിട്ടുള്ളത്. മീറ്റിംഗ് ചെയർ, അലമാര, കബോർഡ് എന്നിവ വിതരണം നടത്തിയത് ഹാപ്പിനസ് ഗ്രൂപ്പ്, അമ്പലപ്പുഴ എന്ന സ്ഥാപനമാണ്. 245 മീറ്റിംഗ് ചെയർ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങിയതിനു മാത്രമായി 18% GST ഉൾപ്പെടെ 1,81,300 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഒരു മീറ്റിംഗ് ചെയറിനു ടാക്സ് ഉൾപ്പെടെ 740 രൂപയാണ് നൽകിയിട്ടുള്ളത്.

ഹാപ്പിനസ് ഗ്രൂപ്പ് എന്ന സ്ഥാപനവും നിർവ്വഹണ ഉദ്യോഗസ്ഥയുമായുള്ള കരാർ പ്രകാരം (GEMC-511687731548956/14.03.25) വിതരണം ചെയ്യേണ്ട കസേരകളുടെ സ്പെസിഫിക്കേഷനിൽ ആം റെസ്റ്റ് ഉൾപ്പെടുന്നു. ആം റെസ്റ്റ്, സീറ്റ്, ബാക്ക് റെസ്റ്റ്, ലെഗ് എന്നിവയുടെ ഫ്രയിം മെറ്റീരിയൽ Chrome On MS എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 29/07/2025-ൽ അങ്കണവാടി നം. 51, 52 എന്നിവയിൽ നേരിട്ടു നടത്തിയ പരിശോധനയിൽ ആം റെസ്റ്റ്, Chrome On MS ഫ്രയിം മെറ്റീരിയൽ എന്നിവ ഇല്ലാത്ത Supreme ബ്രാൻഡിലുള്ള സാധാരണ പ്ലാസ്റ്റിക് ചെയറുകളാണ് കണ്ടെത്താൻ സാധിച്ചത്. ഇത്തരം ചെയറുകൾ, ഒരെണ്ണത്തിനു 450 രൂപ നിരക്കിൽ മാർക്കറ്റിൽ ലഭ്യമാണ്. വിതരണം ചെയ്ത ചെയറുകളുടെ കൃത്യമായ വില നിർണ്ണയം ഓഡിറ്റിൽ സാധ്യമായിട്ടില്ല. ഒരു കസേരയ്ക്കു 200 രൂപ വില വ്യത്യാസം കണക്കാക്കിയാൽ പോലും

245 കസേരകൾക്ക് 49,000 രൂപ അധികം ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സ്ഥാപനം കരാർ ലംഘനം നടത്തിയതു ഗുരുതരമായ വീഴ്ചയാണ്.

കിഡ്സ് കബോർഡ് 15 എണ്ണം വിതരണം ചെയ്തതിനു ഹാപ്പിനസ് ഗ്രൂപ്പിനു 18% GST ഉൾപ്പെടെ 1,20,000 രൂപ അനുവദിച്ചിട്ടുണ്ട്. ഒരു കബോർഡിനു ടാക്സ് ഉൾപ്പെടെ 8,000 രൂപയാണ് നൽകിയിട്ടുള്ളത്. കരാർ പ്രകാരം (GEMC-511687709318999/14.03.25) വിതരണം ചെയ്യേണ്ട കബോർഡിന്റെ സ്പെസിഫിക്കേഷനിൽ തേക്കു തടിയിൽ മാറ്റ് ഫിനിഷിൽ ഉള്ളവ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അങ്കണവാടി നം. 51, 52 എന്നിവയിൽ നടത്തിയ പരിശോധനയിൽ കബോർഡുകൾ തേക്കു തടിയിൽ നിർമ്മിച്ചിട്ടുള്ളവയാണെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. വില കുറഞ്ഞ ഇനം തടി ഉപയോഗിച്ച് നിർമ്മിച്ചവയാണെന്നാണ് പ്രാഥമിക പരിശോധനയിൽ കാണുന്നത്. ഇക്കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട് സാധനങ്ങൾ വിതരണം ചെയ്ത ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ നടത്തിയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല. പ്രോക്യുർമെന്റ് കമ്മിറ്റി പ്രസ്തുത വാങ്ങലിനു അംഗീകാരം നൽകിയിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. മേൽ പരാമർശിച്ച വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം. 21/30.07.25) നൽകിയിരുന്നു. എഗ്രിമെന്റിലെ സ്പെസിഫിക്കേഷനുകൾ അനുസരിച്ചുള്ള കസേരകൾ വിതരണം ചെയ്യുന്നതാണെന്ന് വിതരണക്കാർ അറിയിച്ചിട്ടുള്ളതായും, കബോർഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പരിശോധനകൾ നടത്തുന്നതാണെന്നും, പദ്ധതിയുടെ മോണിട്ടറിംഗ് നടത്തുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും, പഞ്ചായത്തിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി വിതരണക്കാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

1-19 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20/01/2017 ലെ ജി.ഒ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖയിലും പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആസ്തി സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിനു മുൻപായി ആസ്തി സംരക്ഷണ സ്ട്രാറ്റജിയും പ്ലാനും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-20 മാലിന്യമുക്ത നവകേരളം വിവിധ വാർഡുകളിൽ ക്യാമറ സ്ഥാപിക്കൽ പദ്ധതി

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നം./പേര്	S0093/25 മാലിന്യമുക്ത നവകേരളം വിവിധ വാർഡുകളിൽ ക്യാമറ സ്ഥാപിക്കൽ
അടങ്കൽ	477317 (വികസനഫണ്ട് ജനറൽ) 222683 (തനത് ഫണ്ട്)

	700000
ചെലവ്	140000 (വികസനഫണ്ട് ജനറൽ)
ബിൽ നം./തീയതി	24050852014601702743/25/03/2025 ₹140000

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട്, വിവിധ പ്രദേശങ്ങളിലെ മാലിന്യനിക്ഷേപം നിരീക്ഷിക്കുന്നതിനായി പഞ്ചായത്തിലെ 6 സ്ഥലങ്ങളിൽ കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനത്തോടുകൂടിയ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഇതിനായി കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13/12/2024 തീയതിയിലെ 1(14) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും കെൽട്രോണുമായി കരാറിൽ ഏർപ്പെടുന്നതിനും അഡ്വാൻസായി 20% തുക നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഈ തുകയാണ് പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. കെൽട്രോൺ 01/06/2025-ൽ പ്രവൃത്തിയുടെ പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. നിരീക്ഷണ ക്യാമറകൾ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നും, പ്രവർത്തനക്ഷമമല്ലെങ്കിൽ ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി (നം.6/26.07.2025) നൽകിയിരുന്നു. നിലവിൽ സി.സി.ടി.വി. ക്യാമറകൾ പ്രവർത്തനക്ഷമമാണെങ്കിലും നെറ്റ് വർക്കുമായി ബന്ധപ്പെട്ട് ചില സാങ്കേതികപ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ ലൈവ് സ്ട്രീമിംഗിന് തടസ്സം നേരിടുന്നുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. ആയത് പരിഹരിക്കുന്നതിനും ഒരു ക്യാമറയുടെ സ്ഥാനം മാറ്റി സ്ഥാപിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളതിനാൽ ടി പ്രവൃത്തി ചെയ്യുന്നതിനും കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ചെയ്യുന്ന മുറയ്ക്ക് മാത്രമേ ബാക്കി തുക നൽകുകയുള്ളൂ എന്ന് സ്ഥാപനത്തിനെ അറിയിച്ചതായും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ നിർവ്വണോദ്യോഗസ്ഥന്റെയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

1-21 നിക്ഷേപപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് എന്നീ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക ഒടുക്കുന്നുണ്ടെങ്കിലും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നില്ല. വാർഷിക ധനകാര്യ പത്രിക (B-18) പ്രകാരം, കേരള സ്റ്റേറ്റ് ഇലക്ടിസിറ്റി ബോർഡിൽ 5,30,944 രൂപയും കേരള വാട്ടർ അതോറിറ്റിയിൽ 31,60,714 രൂപയും അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/30.07.2025) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതായും സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

1-22 കാലിബാരൽ വില, ജി.എസ്.റ്റി. എന്നിവ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു

സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 16.4.2.1 അനുസരിച്ച് ടാറിംഗ് പ്രവൃത്തികളിൽ കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. താഴെപറയുന്ന പ്രവൃത്തികളിൽ കാലിബാരൽ വില ജി.എസ്.റ്റി. എന്നിവ ഈടാക്കിയെങ്കിലും ഈ തുകകൾ അതാതു ഫണ്ടുകളിൽ തിരികെ ഒടുക്കാതെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തന്നെ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ തുകകൾ അതാതുഫണ്ടുകളിൽ തിരികെ ഒടുക്കേണ്ടതാണ്.

പ്രോജക്ട് നം.	**പ്രവൃത്തിയുടെ പേര്**	**ഈടാക്കിയ ബിറ്റുമിൻ ബാരലുകളുടെ വില**	**ജി.എസ്.റ്റി. തുക**
177	ആഫ്രിക്കാപ്പടി ചിറവക്കാലാ റോഡ് പുനരുദ്ധാരണം, വാർഡ് 4	6426	1157
147	സി.എം.എസ്സ്. പള്ളിപ്പടി - കോലത്തുമല കോളനി	5474	985

	റോഡ് റീ ടാറിംഗ്, വാർഡ് 11		
157	വെള്ളാംപൊയ്ക ആഞ്ഞിലിമൂട്ടിൽപ്പടി റോഡ് പുനരുദ്ധാരണം, വാർഡ് 6	2618	472
171	ആയുർവേദാശുപത്രിപ്പടി മുണ്ടക്കൽ റോഡ് പുനരുദ്ധാരണം, വാർഡ് 2	3094	558
169	മുക്കട കോളനി റോഡ് റീ ടാറിംഗ്, വാർഡ് 15	3570	644
163	ഉമിക്കുന്ന് അംഗൻവാടി ചിറയിൽപ്പടി റോഡ് പുനരുദ്ധാരണം, വാർഡ് 1	3332	600
178	3പാലക്കാത്തകിടി വട്ടക്കാലാ റോഡ് പുനരുദ്ധാരണം, വാർഡ് 3	3808	686
148	പാമല കുരിശ് ഉണ്ണിമുക്ക് റോഡ് പുനരുദ്ധാരണം, വാർഡ് 10	3332	600
170	കൊച്ചിയിൽപ്പടി - വലിയമണ്ണ് റോഡ് മെയിന്റനൻസ്	1666	300
175	പുളിമൂട്ടിൽപ്പടി പുന്നശ്ശേരി റോഡ് റീ ടാറിംഗ്, വാർഡ് 13	1190	214
178	പാലക്കാത്തകിടി വട്ടക്കാലാ റോഡ് പുനരുദ്ധാരണം, വാർഡ് 3	3808	686
61	ആഫ്രിക്കാപ്പടി - ചിറവക്കാട് റോഡ് റീ ടാറിംഗ്, വാർഡ് 4	9520	1714
162	ചക്കുംമൂട് വേലംപറമ്പ് റോഡ് റീ ടാറിംഗ്, വാർഡ് 7	2618	472
204	ആഫ്രിക്കാപ്പടി - മാന്താനംപറമ്പ് റോഡ് മെയിന്റനൻസ്, വാർഡ് 5	1904	343
71	പാമലകുരിശ് - മാമന്ദം റോഡ് മെയിന്റനൻസ്, വാർഡ് 10	4046	729
213	പൊന്താമല - പൂഴിക്കാലാപടി റോഡ് മെയിന്റനൻസ്, വാർഡ് 12	1904	344
73	പഴയ പോസ്റ്റ് ഓഫീസ് പടി - മാർത്തോമപള്ളി റോഡ് റീ ടാറിംഗ്, വാർഡ് 11	4284	772
258	അമ്പലപ്പടി – മാവേലിപ്പടി റോഡ് റീ ടാറിംഗ്, വാർഡ് 7	5236	943
158	പ്ലാത്താനം - വെങ്കോട്ട റോഡ് പുനരുദ്ധാരണം, വാർഡ് 1	1904	344
214	മാന്താനം - മൈലമൺ	9520	1714

	റോഡ് മെയിന്റനൻസ്, വാർഡ് 13		
58	പൂങ്കോട്ടാൽ - മലയിൽപടി റോഡ് റീ ടാറിംഗ്, വാർഡ് 3	4046	728
179	മാന്താനം – മൈലമൺ - എസ്സ്.എൻ. കോളനി റോഡ് പുനരുദ്ധാരണം, വാർഡ് 13, 14, 15	4284	772
	ആകെ	**87584**	**15777**

ഈ തുകകൾ അതാതു ഫണ്ടുകളിൽ തിരികെ ഒടുക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-23 ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 32 പദ്ധതികളിൽ 10 പദ്ധതികൾ നടപ്പാക്കിയിട്ടില്ല. നടപ്പാക്കാത്ത പദ്ധതികളുടെ വിവരവും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/25.07.2025) സെക്രട്ടറി ലഭ്യമാക്കിയ വിശദീകരണവും ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	വകയിരുത്തിയ തുക	ഫണ്ടിനം	പദ്ധതികൾ നടപ്പാക്കാത്തതിന്റെ കാരണം/വിശദീകരണം
1	13	പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി. എടുക്കൽ	100000	വികസന ഫണ്ട് (ജനറൽ)	പദ്ധതി സ്പിൽ ഓവറായി 2025-26 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
2	107	കാലാവസ്ഥാ വ്യതിയാനം-പ്രദേശിക കർമ്മ പദ്ധതി തയ്യാറാക്കൽ	25000	തനതുഫണ്ട്	പദ്ധതി സ്പിൽ ഓവറായി 2025-26 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
3	113	പകൽവീട് ഫർണ്ണീച്ചർ വാങ്ങലും അനുബന്ധ സൌകര്യം ഒരുക്കലും	200000	ധനകാര്യ കമ്മീഷൻ അവാർഡ്	പകൽവീട് കെട്ടിടത്തിൽ കൊറോണ സമയത്ത് വാങ്ങിയ ബെഡും മറ്റു സാധനങ്ങളും സ്റ്റോക്ക് ചെയ്ത് വച്ചിട്ടുള്ളത് നീക്കം ചെയ്യുന്നതിനുള്ള കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. പദ്ധതി സ്പിൽ ഓവറായി 2025-26 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
4	188	ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് പദ്ധതിക്ക് തുക കൈമാറൽ	200000	തനതുഫണ്ട്	പദ്ധതിയുടെ തുക ജില്ലാപഞ്ചായത്തിന് കൈമാറാൻ ഉള്ളതാണ്. ജില്ലാപഞ്ചായത്തിൽ നിന്ന് ആയതിനുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല. 2025-26 ൽ പദ്ധതിഉൾപ്പെടുത്തിയിട്ടുണ്ട്.
5	210	ഐ.എസ്.ഒ. പ്രവർത്തനം	50000	വികസന ഫണ്ട് (ജനറൽ)	പഞ്ചായത്തിന്റെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ 2026 ജനുവരി വരെ ഉണ്ട്. 2025-26 ൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷനായുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.
6	221	എ.ബി.സി. പദ്ധതി-തുക കൈമാറൽ	70000	വികസന ഫണ്ട് (ജനറൽ)	പദ്ധതിയുടെ തുക കൈമാറുന്നതിനായി ജില്ലാപഞ്ചായത്തിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതിനാലാണ് പദ്ധതി നടപ്പാക്കാത്തത്. 2025-26 ൽ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.
7	225	പഞ്ചായത്ത് ഓഫീസിലേക്ക്	70000	വികസന ഫണ്ട്	ഹെൽത്ത് ഇൻസ്പെക്ടർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്.

		ലാപ്ടോപ്പ് വാങ്ങൽ		(ജനറൽ)	എന്നാൽ സ്മാർട്ട് ഗാർബേജ് പദ്ധതിയ്ക്കായി ലാപ്ടോപ്പ് നിലവിലുള്ളതിനാലും വികസനഫണ്ടിന്റെ അഭാവത്തിനാലും പദ്ധതി ഉപേക്ഷിച്ചിട്ടുള്ളതാണ്.
8	237	പഞ്ചായത്ത് അധീനതയിലുള്ള ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകൽ	100000	വികസന ഫണ്ട് (ജനറൽ)	ബുക്ക്മാർക്ക് മുഖേന ഇൻവോയ്സ് സ്വീകരിക്കുകയും ലൈബ്രേറിയൻമാർ മുഖേന പുസ്തകങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. 2025-26 ൽ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.
9	245	മൃഗാശുപത്രി കെട്ടിട നിർമ്മാണം - തുക കൈമാറൽ	100000	തനതുഫണ്ട്	മൃഗാശുപത്രിയ്ക്കായുള്ള കെട്ടിടനിർമ്മാണം വകുപ്പുതല ഫണ്ട്, എം.എൽ.എ. ഫണ്ട് ഇവ ഉപയോഗിച്ച് 2025-26 ൽ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണം അവസാനഘട്ടത്തിൽ എത്തുന്ന മുറയ്ക്ക് തുക നൽകുന്നതാണ്. 2025-26 ൽ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.
10	264	വരൾച്ചാ ദുരിതാശ്വാസം കുടിവെള്ള വിതരണം	200000	തനതുഫണ്ട്	ടെണ്ടർ നടപടി ആരംഭിച്ചെങ്കിലും വരൾച്ച മാറിയതിനാൽ പദ്ധതി നടപ്പാക്കിയില്ല. 2025-26 ൽ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-24 പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട് നം.126/2025) എന്ന പ്രോജക്ടിനായി 2023-24, 2024-25 വർഷങ്ങളിലായി രണ്ട് ഗഡുക്കളായി എസ്.സി.പി. ഫണ്ടിൽ നിന്നും 90,000 രൂപ കൈപ്പറ്റിയ മന്യ മനോജ്, D/O. മനോജ് ജി, മാളവികാസദനം എന്ന ഗുണഭോക്താവ് നാളിതുവരെ മുറി നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല . ധനസഹായം അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

നൽകിയ തുക	ബിൽ നമ്പർ/തീയതി
60,000	24050852019000131348/09/05/2024
30,000	23050852019001000427/29/12/2023

ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/28.07.2025), നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും സെപ്തംബർ മാസത്തോടെ പൂർത്തീകരിക്കുമെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. ടി ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 ഭവനപുനരുദ്ധാരണപദ്ധതികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തികവർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന ആവിഷ്കരിച്ച ഭവനപുനരുദ്ധാരണ പദ്ധതികളിൽ അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീട് പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ഗുണഭോക്താവിന്റെ പേര്	നൽകിയ തുക	ബിൽനമ്പർ/തീയതി
1	20/25 വീട് വാസയോഗ്യമാക്കൽ (SC)	ശ്യാമള ബാലൻ, മാമന്നത്ത് വടക്കേതിൽ, ആഞ്ഞിലിത്താനം	50000	24050852019901248476/ 29.01.2025
2	20/25 വീട്	വിക്രമൻ,	50000	24050852019901510132/

	വാസയോഗ്യമാക്കൽ (SC)	മുളക്കാട്ടുകുഴിയിൽ, കുന്നന്താനം		10.03.2025
3	11/25 വീട് വാസയോഗ്യമാക്കൽ (ജനറൽ)	സാം ജോസഫ്, അപ്പിനേത്ത്, ആഞ്ഞിലിത്താനം	25000	24050852019901168760/ 13.01.2025
4	11/25 വീട് വാസയോഗ്യമാക്കൽ (ജനറൽ)	കുഞ്ഞുമോൾ ജോൺസൺ, പാറടി പൊയ്കയിൽ, കുന്നന്താനം	25000	24050852019901168760/ 13.01.2025
5	11/25 വീട് വാസയോഗ്യമാക്കൽ (ജനറൽ)	അമ്പിളി എം.എസ്. പുളിന്തറ, മൈലമൺ എസ്.എൻ. കോളനി, കുന്നന്താനം	25000	24050852019901510154/ 12.03.2025

മേൽ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/25 DTD 28/07/2025) ക്രമ നമ്പർ 5 പണി പൂർത്തീകരിച്ചതായും മറ്റുള്ളവരുടെ വീട് പണികൾ പുരോഗമിക്കുന്നതായും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-26 മാലിന്യസംസ്കരണപദ്ധതികൾ നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്ത് 2024-25 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന ആവിഷ്കരിച്ച മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക
1	265/25 ഈസി കിച്ചൻ പദ്ധതി	300000
2	256/25 മാലിന്യസംസ്കരണം IES പ്രവർത്തനങ്ങൾ	40000
3	196/25 നിർമ്മലഗ്രാമം നിർമ്മലനഗരം നിർമ്മല ജില്ല ഉറവിട മാലിന്യ സംസ്കരണത്തിനായി ബയോകമ്പോസ്റ്റർ വാങ്ങി നൽകൽ	345760
4	92/25 നിർമ്മലഗ്രാമം നിർമ്മലനഗരം നിർമ്മല ജില്ല ഉറവിട മാലിന്യ സംസ്കരണത്തിനായി ബൊക്കാഷി ബക്കറ്റ് വാങ്ങി നൽകൽ	381000

മേൽ പദ്ധതികൾ നടപ്പിലാക്കാതിരുന്നതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടെണ്ടർ നടപടികളിൽ ആരും പങ്കെടുക്കാതിരുന്നതിനാലാണ് പദ്ധതികൾ നടപ്പാക്കാൻ കഴിയാതിരുന്നത് എന്നും സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ടി പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-27 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധനാറിപ്പോർട്ട് ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 57,023 രൂപയാണ് അടവാക്കുന്നത്. തിരുവല്ല വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം 47 ടാപ്പുകൾക്കുള്ള വെള്ളക്കരമാണിത്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം ഉറപ്പാക്കിയിട്ടുണ്ടോ എന്നതിന്റെ വിവരം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.25/31.07.2025) നൽകിയിരുന്നു. മപ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ കണക്ഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-28 ജൽ ജീവൻ മിഷൻ പദ്ധതി - അവലോകനം

ഗ്രാമീണ മേഖലയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും വീടുകൾക്കും 2024 ഓടെ ഗുണഭോക്താക്കളുടെ സമൂഹസംഭാവനയോട് കൂടി സുസ്ഥിരമായ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയാണ് ജല ജീവൻ മിഷൻ.
ഗുണഭോക്തൃവിഹിതം ഉൾപ്പെടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. 15% വിഹിതം പഞ്ചായത്താണ് വഹിക്കേണ്ടത്. വില്ലേജ് ഇൻഫ്രാസ്ട്രക്ചർ നടപ്പിലാക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തുകയുടെ 10% ഉപഭോക്തൃ വിഹിതമായും ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ നടപ്പാക്കിയ പദ്ധതികളുടെ പ്രവർത്തനവും പരിപാലനവും ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വം ആയിട്ടാണ് നിഷ്കർഷിച്ചിട്ടുള്ളത്. പദ്ധതിയുടെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസിന് ആവശ്യമായ തുകയ്ക്ക് അനുസൃതമായി താരിഫ് നിശ്ചയിച്ച് സമാഹരിക്കേണ്ടതുമാണ്. പദ്ധതി നടപ്പിലാക്കുന്നതിനും പരിപാലിക്കുന്നതിനും ഉത്തരവാദിയായ ഏജൻസി കേരള ജല അതോറിറ്റിയാണ്.
പദ്ധതിയുടെ 15% പഞ്ചായത്ത് വിഹിതം കണ്ടെത്തുന്നതിനായി തനത് ഫണ്ട്, പ്ലാൻ ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്. കേരള വാട്ടർ അതോറിറ്റിയിൽ വിവിധ കുടിവെള്ള പദ്ധതികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയിൽ കുടിവെള്ള പ്രോജക്ടുകൾ പൂർത്തിയാക്കിയതിന്റെ ബാക്കി വരുന്ന തുക, ഫീസിബിൾ അല്ലാത്തതിനാൽ ഒഴിവാക്കിയ പദ്ധതികളുടെ തുക എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നുണ്ട്. ഈ തുക ജലജീവൻ പദ്ധതിയ്ക്കായി സ്ഥലം കണ്ടെത്തൽ, തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം എന്നിവയ്ക്കായി ഉപയോഗിക്കാവുന്നതാണ്. കൂടാതെ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്താൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എം.എൽ.എ.-മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് 10/08/2020-ലെ സ.ഉ.(സാധാ.)നം.4584/2020/ധന. നമ്പർ ഉത്തരവിലൂടെ അനുമതി നൽകിയിട്ടുമുണ്ട്.
ഗ്രാമപഞ്ചായത്ത്, വാട്ടർ അതോറിറ്റി, Enterpreneurship Development Society എന്നിങ്ങനെ മൂന്ന് കക്ഷികൾ ആണ് പദ്ധതി നിർവ്വഹണത്തിൽ പങ്കാളികളായിട്ടുള്ളത്. ഇവയിൽ Enterpreneurship Development Society ആണ് ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസിയായി പ്രവർത്തിക്കുന്നത്.

പദ്ധതിക്കായി 2020-21 ൽ 1,98,88,393 ലക്ഷം രൂപ അടങ്കൽ വകയിരുത്തി അംഗീകാരം വാങ്ങിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിൽ 3874 ഗാർഹിക കണക്ഷനുകൾ നൽകാനായിരുന്നു വിഭാവനം ചെയ്തത്. നിലവിൽ 1257 കണക്ഷനുകൾ പൂർത്തീകരിച്ചതായും 2617 കണക്ഷനുകൾ നൽകാൻ ശേഷിക്കുന്നതായും സെക്രട്ടറി അറിയിച്ചു.

ജല ജീവൻ മിഷൻ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും വിഹിതം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	വർഷം	നൽകിയ തുക
190	ജല ജീവൻ മിഷൻ കുടിവെള്ള പദ്ധതി	2020-21	1982187
142	ജല ജീവൻ മിഷൻ പദ്ധതി ബാക്കി തുക അടവാക്കൽ	2021-22	1001072
	ആകെ		1982187

ജൽ ജീവൻ പദ്ധതിക്കായി ഓഡിറ്റ് വർഷം (2024-25) ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനോ, ടാങ്ക് നിർമ്മിക്കുന്നതിനോ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിനായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡുകളുടെ പേര്, വിസ്തൃതി തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (7/26.07.2025) വിവരങ്ങൾ ലഭ്യമാക്കുന്നതിന് തിരുവല്ല വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തലോ, മോണിട്ടറിംഗോ ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തിയതായി കണ്ടില്ല.
എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കേണ്ടതുണ്ട്. ജൽ ജീവൻ മിഷൻ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും, പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

1-29 ഹെൽത്ത് ഗ്രാന്റ് - അവലോകനം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22-ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം.2132/2022/ത.സ്വ.ഭ.വ., തീയതി 31/08/2022 പ്രകാരവും, 2022-23-ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം.2156/2022/ത.സ്വ.ഭ.വ., തീയതി 01/09/2022, സ.ഉ.(സാധാ)നം.1625/2023/ത.സ്വ.ഭ.വ., തീയതി 09/08/2023 എന്നീ ഉത്തരവുകൾ പ്രകാരവും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/ത.സ്വ.ഭ.വ., തീയതി 23/05/2023 പ്രകാരം അവാർഡ് കാലയളവിൽ ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ വിനിയോഗത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി 6 സ്കീമുകളിലായി നടപ്പാക്കി വരുന്നു. സ്കീം 1, 3, 4 എന്നിവ ഗ്രാമപഞ്ചായത്തുകൾക്കും സ്കീം 2 ബ്ലോക്ക് പഞ്ചായത്തുകൾക്കും സ്കീം 5, 6 എന്നിവ നഗരസഭാ സ്ഥാപനങ്ങൾക്കുമാണ് ബാധകം. വിവിധ സ്കീമുകൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

സ്കീം-1	കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമിക്കുവാൻ സഹായം
സ്കീം-3	ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
സ്കീം-4	ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

അവാർഡ് കാലയളവിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചതും ചെലവഴിച്ചതുമായ ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

I) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, തുക)

വർഷം	സ്കീം - 3	സ്കീം - 4	ആകെ
2022-23	291305	185000	476305
2023-24	811000	347000	1158000
2024-25	339000	552000	891000
ആകെ	**1441305**	**1084000**	**2525305**

II) ആരോഗ്യമേഖലാ ഗ്രാന്റ് വകയിരുത്തി ഏറ്റെടുത്ത പദ്ധതികളുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ഗ്രാന്റ് വർഷം	പദ്ധതിയുടെ പേര്	വരവ്	2022-23 ചെലവ്	2023-24 ചെലവ്	2024-25 ചെലവ്	ബാക്കി തുക
2022-23	ആരോഗ്യസ്ഥാപനത്തിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3)	291305	74291	184134	32880	0
2022-23	ആരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (സ്കീം 4)	185000	96920	88080	0	0
2023-24	ആരോഗ്യസ്ഥാപനത്തിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3)	811000	0	116550	578511	115939
2023-24	ആരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (സ്കീം 4)	347000	0	31919	314767	314
2024-25	ആരോഗ്യസ്ഥാപനത്തിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ	339000	0	0	0	339000

	സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം3)					
2024-25	ആരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (സ്കീം 4)	552000	0	0	0	552000
ആകെ		**2525305**	**171211**	**420683**	**926158**	**1007253**

2024-25 വർഷം ലഭിച്ച 8,91,000 രൂപ ചെലവഴിച്ചിട്ടില്ല. ആകെ ലഭിച്ച ഗ്രാന്റിന്റെ 60% മാത്രമാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്.

III) ആരോഗ്യഗ്രാന്റ് നീക്കിയിരിപ്പ് വിവരങ്ങൾ

ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷം ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു (പലിശയുൾപ്പെടെ).

സ്കീം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ആരോഗ്യസ്ഥാപനത്തിലും ഉപകേന്ദ്രങ്ങളിലും രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3)	737148	362780	1099928	611391	488537
ആരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (സ്കീം 4)	324803	560869	885672	314767	570905
ആകെ					**1059442**

മൂന്ന് സബ്സെന്ററുകളുള്ള സി.എച്ച്.സി.-യുടെ ഒരു സബ്സെന്റർ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

സ്കീം 3-ൽ 4,88,537 രൂപ അവശേഷിക്കുന്നു. ലാബിൽ എയർ കണ്ടീഷനർ സ്ഥാപിക്കൽ, റീ-ഏജന്റ് വാങ്ങൽ, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുക 2025-26 വർഷം ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സ്കീം 4 പ്രകാരം നിലവിൽ 5,70,905 രൂപ അവശേഷിക്കുന്നു. സ്കീം 4 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളിലെ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, ആരോഗ്യകരമായ ഭക്ഷണം, വ്യായാമം, ശുചിത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ നടപ്പാക്കിയിട്ടില്ല.

ആതുര സേവനരംഗത്ത് ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ ഗ്രാന്റ് ഫലപ്രദമായി ഉപയോഗിക്കാത്തപക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ആയതിനാൽ 2025-26 വർഷം ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് - വിവരങ്ങൾ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
18	91500	91500	0	-

* 01/04/2024 മുതൽ 31/03/2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01/04/2024 മുതൽ 30/06/2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല					

3 . മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01/07/2024 മുതൽ 31/07/2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല				

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01/08/2024 മുതൽ 31/03/2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

ഇല്ല

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

കുന്നന്താനം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 04/06/2025-ലെ 4-1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച്, എയിംസ് സോഫ്റ്റ് വെയർ മുഖേന 05/06/2025-ന് ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കി ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയും, സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയും ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	580000	21, ലൈഫ് ഭവന പദ്ധതിജനറൽ	580000	0
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	139198	22, ലൈഫ് ഭവന പദ്ധതി പട്ടികജാതി	139198	0
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	50000	31, അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി	50000	0
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	120994	32, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	120994	0
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	109714	36, അതിദാരിദ്ര്യ നിർമ്മാർജ്ജന ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകൽ	109714	0
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	7410	46, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	7410	0
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	500000	61, ആഫ്രിക്കാപ്പടി - ചിറവക്കാട് റോഡ് റീ ടാറിംഗ്, വാർഡ് 4	500000	0
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	25000	212, ഞങ്ങളും കൃഷിയിലേക്ക്-വനിതാ ഗ്രൂപ്പുകൾക്ക് കൃഷിക്ക് ആനുകൂല്യം	25000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	540000	21, ലൈഫ് ഭവന പദ്ധതിജനറൽ	540000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	250000	16, സ്വാന്തനം പാലിയേറ്റീവ് പരിചരണം	250000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	131256	50, നെൽകൃഷി വികസനം	131256	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	110000	32, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	110000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	4767	46, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	4767	0

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിനിയോഗം

ഇല്ല

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 വായ്പ/വായ്പാ തിരിച്ചടവ്

ഗ്രാമ പഞ്ചായത്ത് മുൻവർഷങ്ങളിൽ വായ്പ എടുത്തിട്ടില്ല. എന്നാൽ 2024-25 സാമ്പത്തിക വർഷം വികസന

ഫണ്ടിൽ നിന്നും 5,37,601 രൂപ റിക്കവറി ഇനത്തിൽ സർക്കാർ ഈടാക്കിയിട്ടുണ്ട് (ഖണ്ഡിക 1-4 ലെ പട്ടിക 2 കാണുക). 2024-25-ൽ 4,00,000 രൂപ വായ്പായിനത്തിൽ എടുത്തിട്ടുണ്ട്. വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ/ തീയതി
2023-24	1-16 (2)	3175	മറിയാമ്മ വി.എ. ഈട്ടിക്കൽ ഫ്യൂവൽസ് കുന്നന്താനം	1240302602/ 13/11/2024

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-98	1999-2000	IV:3-6(എ)	കുടിൽ വ്യവസായ പദ്ധതിയിൽ പാഴ്ചെലവ്	ശ്രീ. ഐ.കെ. സജിക്ക് എതിരെയുള്ള ജപ്തി നടപടികൾ തള്ളിക്കളഞ്ഞും, ആർ.ആർ. നടപടികൾ തടഞ്ഞും മുൻസിഫ് കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതായി 23/11/2022-ലെ കത്ത് പ്രകാരം തിരുവല്ല തഹസീൽദാർ അറിയിച്ചതായി ഗ്രാമപഞ്ചായത്ത് മറുപടി നൽകി.
1998-99	1999-2000	IV:3-6(ബി)	മരാമത്ത് പണി - മൂല്യ നിർണ്ണയത്തേക്കാൾ അധികം നൽകിയ തുക അംഗീകരിക്കുന്നില്ല.	1,2,3,4/38119 നമ്പർ രസീതുകൾ പ്രകാരം 22,496 രൂപ തിരിച്ചടച്ചതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു.

4-10 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

	റസീപ്റ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ)	7,98,97,815	13,76,00,449
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	4,61,28,202	12,34,17,648

വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പടെ)	ഇല്ല	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല	ഇല്ല

ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

സി) <u>തടസ്സപ്പെടുത്തിയ തുക</u>

ഇല്ല

ഡി) <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>

ഇല്ല

4-12 തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2000-01	അദാലത്ത് റിപ്പോർട്ട് - കെ.എസ്.എ.പി.റ്റി.എ./ പി.1/820(6)/2022 തീയതി 19/09/2022	6 ഖണ്ഡികകൾ 16, 17, 18, 19, 20, 21
2003-04	”	1 ഖണ്ഡിക (3-8)
2008-09	”	1 ഖണ്ഡിക (3-20)
2010-11	”	4 ഖണ്ഡികകൾ 3-20 (2, 3, 4, 5)
2011-12 & 2012-13	”	8 ഖണ്ഡികകൾ 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18(2)
2013-14	”	4 ഖണ്ഡികകൾ 2-1, 2-3, 3-2, 3-4
2014-15	”	2 ഖണ്ഡികകൾ 2-1, 2-2-11
2015-16	”	1 ഖണ്ഡിക (2-3)
2016-17	”	4 ഖണ്ഡികകൾ 2-3, 3-8, 3-15, 2-16
2017-18	”	13 ഖണ്ഡികകൾ 1-13, 2-5, 2-6 എ, ബി, സി, 2-10, 3-4, 3-5, 3-6, 3-7, 3-8, 3-14, 3-16
2018-19	**റെക്ടിഫിക്കേഷൻ റിപ്പോർട്ട്-** കെ.എസ്.എ.പി.റ്റി.എ.പി./7/186/2020, 27.04.2020	28 ഖണ്ഡികകൾ 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19 To 1-37
2019-20	കെ.എസ്.എ.പി.റ്റി.എ.പി./7/314/2022, 26.03.2022	13 ഖണ്ഡികകൾ 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-23, 1-24, 1-25, 1-27, 1-28

2020-21	കെ.എസ്.എ.പി.റ്റി.എ.പി.7/428/2022, 18.05.2022	9 ഖണ്ഡികകൾ 1-11, 1-13, 1-15, 1-16, 1-17, 1-19, 1-21, 1-28, 1-29
2021-22	കെ.എസ്.എ.പി.റ്റി.എ.പി./7/206/2023 തീയതി: 28.03.2023	7 ഖണ്ഡികകൾ 1-11, 1-12, 1-12-1, 1-12-2, 1-13, 1-19, 1-20
2022-23	കെ.എസ്.എ.പി.റ്റി.എ.പി./7/992/2023 തീയതി: 17.10.2023	10 ഖണ്ഡികകൾ 1-11-1, 1-12, 1-13, 1-15, 1-17, 1-20, 1-25, 1-26, 1-32, 1-33
2023-24	കെ.എസ്.എ.പി.റ്റി.എ.പി.7/1069/2024 തീയതി: 18.03.2025	12 ഖണ്ഡികകൾ 1-12, 1-13, 1-14, 1-16, 1-17, 1-23, 1-26, 1-28, 1-29, 1-30, 1-31, 1-36

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 04-06-2025 and submitted on 05-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the KUNNAMTHANAM Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of KUNNAMTHANAM Grama Panchayat as on 31-03-2025

Date: 22/08/2025

Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of KUNNAMTHANAM Grama Panchayat for the Year 2024-2025 .

1.Major Observations

1. Asset Register is not updated. The value of the assets shown in the balance sheet couldnot be ascertained, since it is not maintained in value based format.

2.Other Observations

1. The total cash-flow of the year doesnot match with the differnce of opening balance and closing balance of the same statemet.

2. Schedule B-4: The closing balance of Finance Commission Grant in the balance sheet does not match with the figures in the bank statement. There is a difference of Rs. 12286

between the figures in the balance sheet and the bank statement.

3. Schedule B-5: Loan Register is not maintained. So the accuracy of the figures shown as liability (-885904) could not be verified.

4. Advance register is not maintained. So the accuracy of the amount shown in balance sheet schedule B-9 couldnot not be verified.

5. The part bill amount (Rs. 1330675) is not accounted as Capital Work In Progress.

6. Bank statement and reconciliation statement in respect of the account No.57902000000015 (IOB) is not submitted for audit.

7. Journal vouchers for supporting the adjustment entries recorded as Prior Period items (1-18, 1-19) are not maintained.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്